61

# ഒരു കുടുംബ വിവരണം

## (20:6-12)

പൗലൊസ് തന്റെ മൂന്നാമത്തെ മിഷണറിയാത്ര അവസാനിച്ച് യെരുശലേമിലേക്കു പോകുമ്പോൾ, അവനും കൂട്ടരും ത്രോവാസിൽ ഇറങ്ങി. ആ സന്ദർശനത്തെ പൗലൊസ് ഈ വാക്കുകളിൽ പറയുന്നു:

> ഞങ്ങളോ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ കഴിഞ്ഞിട്ടു, ഫിലിപ്പിയയിൽ നിന്നു കപ്പൽ കയറി അഞ്ചു ദിവസം കൊണ്ടു ത്രോവാസിൽ അവരുടെ അടുക്കൽ ... എത്തി ... ഏഴു ദിവസം അവിടെ പാർത്തു.
>
> ആഴ്ച്ചവട്ടത്തിൽ ഒന്നാം ദിവസത്തിൽ, ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ, പൗലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ, ഭാവിച്ചതുകൊണ്ട് അവരോടു സംഭാഷിച്ചു, പാതിരവരെയും പ്രസംഗം നീട്ടി. ഞങ്ങൾ കൂടിയിരുന്ന മാളികയിൽ വളരെ വിളക്കുണ്ടായിരുന്നു. അവിടെ യൂത്തിക്കൊസ് എന്ന യൗവനക്കരൻ ഇരുന്നു, ഗാഢനിദ്ര പിടിച്ചു; പൗലൊസ് വളരെ നേരം സംഭാഷിക്കയാൽ, നിദ്രാവശനായി മൂന്നാം തട്ടിൽ നിന്നു താഴെ വീണു, അവനെ മരിച്ചവനായി എടുത്തുകൊണ്ടു വന്നു. പൗലൊസ് ഇറങ്ങിച്ചെന്നു അവന്റെ മേൽ വീണു തഴുകി, "ഭ്രമിക്കേണ്ട, അവന്റെ പ്രാണൻ അവനിൽ ഉണ്ട്" എന്നു പറഞ്ഞു. പിന്നെ അവൻ കയറിച്ചെന്നു, അപ്പം നുറുക്കി തിന്നു, പുലരുവോളം സംഭാഷിച്ചു, പുറപ്പെട്ടുപോയി. അവർ ആ ബാലനെ ജീവനുള്ളവനായി കൊണ്ടു വന്നു, അത്യന്തം ആശ്വസിച്ചു (പ്രവൃത്തികൾ 20:6-12).

പൗലൊസിന്റെ യാത്രയുടെ ചിലഭാഗങ്ങൾ വിവരിക്കുമ്പോൾ ലൂക്കൊസ് പെട്ടെന്ന് കടന്നുപോകയും, മറ്റു ചില ഭാഗങ്ങൾ വരുമ്പോൾ നിമിഷമെടുത്തു വിശദീകരിക്കയും ചെയ്യുന്നുണ്ട്. നമ്മുടെ കഴിഞ്ഞ പാഠത്തിൽ, മാസങ്ങൾ നീണ്ട പ്രവൃത്തികളും സാഹസികതയും പെട്ടെന്ന് ലൂക്കൊസ് വിവരിക്കുന്നതു പഠിച്ചു. ഈ ഭാഗത്ത്, ഒരു യൗവനക്കാരൻ സഭയിൽ ഉറങ്ങി വീണ വസ്തുതകളാണ് വിവരിക്കുന്നത്![1]

പ്രവൃത്തികളുടെ പുസ്തകങ്ങളിൽ ഈ സംഭവം എന്തിനാണ്?[2] “പൗലൊസിന്റെ സംഭാഷണം നീണ്ടു പോയത് കേട്ട് ഉറങ്ങിയ യൗവന ക്കാരനെ” ലജ്ജിപ്പിക്കുന്നതിനല്ല എന്നു തീർച്ച (വാക്യം 9; എൻ.ഐ. വി). ത്രോവാസിലെ സഭ കൂടി വന്നപ്പോൾ നമ്മുടെ വേദഭാഗത്ത് സംഭ വിച്ച കാര്യത്തിൽ എനിക്ക്, ഇതു ആകർഷണിയമായി തോന്നി. പ്രത്യേ കിച്ച് ആരംഭസഭയുടെ കുടുംബാന്തരീക്ഷം എനിക്ക് ഇഷ്ടമായി.

**കുടുംബം ഒരുമിച്ചു കൂടിവന്നു (20:6, 7)**

പൗലൊസ് പെന്തെക്കൊസ്തിനു മുൻപു യെരുശലേമിൽ എത്തു വാൻ ബദ്ധപ്പെട്ടിരുന്നെങ്കിലും (വാക്യം 16), അവനും അവന്റെ സ്നേഹി തനും “ഏഴു ദിവസം ത്രോവാസിൽ താമസിച്ചു” (വാക്യം 6). “കപ്പലിന്റെ സമയക്രമം കൊണ്ടായിരിക്കാം അതു, എന്നാൽ ആ താമസം വരുത്തി യതു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ വിശ്വാസികളുമായി കൂടി വന്നു അപ്പം നുറുക്കുന്നതിനു വേണ്ടിയായിരുന്നു.”[3] കാരണം ഫിലിപ്പിയയിൽ നിന്നു ത്രോവാസിലേക്കുള്ള യാത്ര സാധാരണയേക്കാൾ കൂടുതൽ എടു ക്കും,[4] അപ്പോൾ ത്രോവാസിലെ,[5] സഭയുടെ കൂടി വരവിൽ പൗലൊസിന് പങ്കെടുക്കാൻ സാധിക്കയില്ല. അങ്ങനെയാൽ അവിടെ തിങ്കളാഴ്ചയാ ണെത്തുക.[6] അതുകൊണ്ട്, ഏഴു മുഴുവൻ ദിവസങ്ങളും അവൻ കർത്താ വിന്റെ സഭയിലെ തന്റെ സഹോദരങ്ങളുമായി കൂടി വരാൻ കാത്തിരു ന്നു.[7]

ആരാധനയ്ക്ക് പങ്കെടുക്കാതിരിക്കാൻ താൻ “ടൗണിനു പുറത്താ യിരുന്നു” എന്നും തന്റെ “സ്വന്ത ഇടവകയിൽ നിന്നു ദൂരത്തായിരുന്നു” എന്നും ഉള്ള ഒഴികഴിവു പൗലൊസ് പറഞ്ഞില്ല എന്നു നിരീക്ഷിക്കുക. അവൻ ഒരു പുതിയ പട്ടണത്തിൽ ചെല്ലുമ്പോൾ, തന്റെ സഹോദരന്മാരെ അവൻ അന്വേഷിക്കുകയും അവരോടുകൂടെ കൂടിവരികയും ചെയ്യും. ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ തന്റെ സഹോദരന്മാർ കൂടിവരുമ്പോൾ അവൻ അവരോടൊപ്പം ആയിരിപ്പാൻ *ആഗ്രഹിച്ചു*.

യേശു മരിച്ചവരിൽ നിന്നുയർത്തെഴുന്നേറ്റു തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട ദിവസം ആയതുകൊണ്ടാണ് പ്രാരംഭസഭ ആഴ്ച്ചവട്ട ത്തിന്റെ ഒന്നാം നാളിൽ കൂടി വന്നത് (ലൂക്കൊസ് 24:1, 7, 13, 21; യോഹ ന്നാൻ 20:19, 26).[8] പിന്നീട് ജസ്റ്റിൻ മാർട്ടിർ പറഞ്ഞു “ഞായറാഴ്ച്ചയാണ് ഞങ്ങൾ എല്ലാവരും പൊതുവിൽ സഭായോഗം കൂടി വരുന്നത്, കാര ണം ... നമ്മുടെ രക്ഷിതാവായ, യേശുക്രിസ്തു, അതേ ദിവസമാണ് മരി ച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റത്.”[9] യെഹൂദന്മാർ ഏഴാം ദിവസം[10] പ്രമാണിക്കാൻ കാരണം ഭൗതികസൃഷ്ടിയുടെ ഓർമ്മ കൊണ്ടാടുവാ നായിരുന്നു (പുറപ്പാട് 20:8–11); ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവ ഓർക്കുവാൻ ക്രിസ്ത്യാനികൾ കൊണ്ടാ ടുന്നത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളാണ് (1 കൊരിന്ത്യർ 11:23–25) അതാണ് “ഒരു *പുതിയ* സൃഷ്ടിത്വത്തിനു” സാധ്യമാക്കിയത് (ഗലാത്യർ 6:15; എംഫസിസ് മൈൻ).

വളരെ വിളക്കുണ്ടായിരുന്നു എന്നു ലൂക്കൊസ് പറഞ്ഞിരിക്കകൊണ്ട് (വാക്യം 8), ത്രോവാസിലെ സഭ രാത്രി കൂടിവന്നു എന്നു സ്പഷ്ടം.[11]

ആ സമൂഹത്തിൽ ഞായറാഴ്ച്ചയും മറ്റു ദിവസങ്ങളെപ്പോലെ പ്രവൃത്തി ദിവസമായതുകൊണ്ട്, അധികം ക്രിസ്ത്യാനികളും മറ്റുള്ളവർക്കു വേണ്ടി ജോലി ചെയ്യുന്നവരാകകൊണ്ട്,[12] എല്ലാവർക്കും കൂടി വരാവവുന്ന സമയം ജോലി കഴിഞ്ഞുള്ള സമയമായ രാത്രിയാണ്.

ചിലർ വിചാരിക്കുന്നത് ലൂക്കൊസ് ഉപയോഗിച്ചത് യെഹൂദ കണക്കുകൂട്ടലാണെന്നും അപ്പോൾ സഭ കൂടി വന്നതു നമ്മുടെതായ ശനിയാഴ്ച്ച രാത്രിയാണ് എന്നുമാണ്,[13] പക്ഷേ "ലൂക്കൊസ് യവനഭാഷക്കാരുടെ സംഭവവിവരണം [ഉപയോഗിച്ചത്] യെഹൂദരീതിയാണെന്ന സൂചന ഒന്നുമില്ല."[14] ലൂക്കൊസ് ഉപയോഗിച്ചത് യെഹൂദ കണക്കോ, അല്ലെങ്കിൽ റോമാ കണക്കോ എന്തായാലും ത്രോവാസിലെ സഭ കൂടി വന്നത് ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാൾ രാത്രിയായിരുന്നു.[15]

ഈ വസ്തുതകളെ യോജിപ്പിക്കു: (1) പൗലൊസ് തന്റെ വഴിക്ക് സഹോദരന്മാരുമായി കൂടി വരാൻ പോയി; (2) അസൗകര്യമായ സമയത്തായിരുന്നു സഹോദരന്മാർ കൂടി വന്നത്; (3) പകലിലെ കഠിനാദ്ധ്വാന ശേഷമായിരുന്നു അവർ കൂടി വന്നത്. ക്രിസ്ത്യാനികൾ അന്യോന്യം കൂടിവരാൻ താല്പര്യപ്പെട്ടിരുന്നു എന്നു നമുക്കു തീർച്ചയാക്കാം (പ്രവൃത്തികൾ 2:42). ഭൗതിക കുടുംബം ഒത്തൊരുമിച്ചു കൂടുന്നതു സാധാരണ ഇഷ്ടപ്പെടാറുണ്ട്; വാസ്തവത്തിൽ, കുടുംബാംഗങ്ങൾ ഒരുമിച്ച് കൂടുവാൻ താല്പര്യപ്പെടുന്നില്ലെങ്കിൽ ആ കുടുംബത്തെ പ്രവൃത്തിയോന്മുഖമല്ലാത്ത കുടുംബം എന്നു നാം പറയും. അതുപോലെ, ദൈവ ഭവനത്തിൽ നാം കൂടി വരുന്നതു സന്തോഷപ്രദമാണ്.

സ്വയ – പരിശോധന ക്രമത്തിലാക്കാം. ക്രിസ്തുവിലുള്ള നിങ്ങളുടെ സഹോദരങ്ങളുമായി ഒരുമിച്ച് ആയിരിക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടാറുണ്ടോ? നിങ്ങൾക്കു ദൈവത്തിന്റെ ഭവനത്തിൽ കൂടി വരുന്നത് ഇഷ്ടമല്ലെങ്കിൽ, നിങ്ങളുടെ ആത്മാവും സഹോദരീ സഹോദരന്മാരുമായി, നിങ്ങളുടെ പിതാവുമായും ഉള്ള ബന്ധം ഒന്നു പരിശോധിക്കേണ്ടിയിരിക്കുന്നു (എബ്രായർ 10:25).

## കുടുംബം ഒത്തൊരുമിച്ച്<br>കർതൃമേശ ഭക്ഷിച്ചു (20:7)

"ആഴ്ച്ചവട്ടത്തിന്റെ ഒന്നാംനാളിൽ" സഭ ആരാധിക്കുവാൻ കൂടിവന്നപ്പോൾ (1 കൊരിന്ത്യർ 16:2) ആരാധനയുടെ, മുഖ്യഭാഗം കർത്തൃമേശ ആയിരുന്നു. വാക്യം 7 ശ്രദ്ധിക്കുക: "ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി *വന്നപ്പോൾ*" (എംഫസിസ് മൈൻ).[16] "അപ്പം നുറുക്കൽ" എന്ന പ്രയോഗം സാധാരണ ഭക്ഷണം കഴിക്കലിനും പറയാറുണ്ടായിരുന്നു (പ്രവൃത്തികൾ 2:46) അല്ലെങ്കിൽ കർത്തൃമേശയിൽ നിന്നു പങ്കിടുന്നതിനും (മത്തായി 26:26; പ്രവൃത്തികൾ 2:42; 1 കൊരിന്ത്യർ 10:16). ഇവിടെ പറയുന്നത് "കർത്തൃമേശയെക്കുറിച്ചാണ് എന്ന് മിക്കപണ്ഡിതന്മാരും സമ്മതിക്കും, കാരണം ഈ ഔപചാരിക കൂടിവരവിന്റെ ഉദ്ദേശം തന്നെ അപ്പം നുറുക്കൽ ആയിരുന്നു."[17]

"കർത്തൃദിവസമാണ്" (വെളിപ്പാട് 1:10) "കർത്തൃമേശ" ഭക്ഷിക്കേണ്ടത് (1 കൊരിന്ത്യർ 11:20) എന്നതിൽ നാം അതിശയിക്കുന്നില്ല. ആരാധ

നയുടെ ഭാഗങ്ങൾ എല്ലാം പ്രധാനമാണ്, എന്നാൽ ക്രിസ്ത്യാനിയുടെ ആരാധനാ പ്രകടനത്തിന്റെ പ്രത്യേകത കർത്തൃമേശയാണ്. യെഹൂദന്മാർ കൂടി വന്നതു പഠിക്കുവാനും, പ്രാർത്ഥിക്കുവാനും, പാട്ടു പാടുവാനും, നല്കുന്നതായിരുന്നു; എന്നാൽ ക്രിസ്ത്യാനി കൂടിവന്നതു "കർത്താവിന്റെ മേശക്കു ചുറ്റുമാണ്" (1 കൊരിന്ത്യർ 10:21). ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവ ഓർക്കണം.[18]

പ്രാരംഭ ക്രിസ്ത്യാനികൾ *എല്ലാ* ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും അപ്പം നുറുക്കുവാൻ കൂടിവന്നിരുന്നു. നാം ഉദ്ധരിച്ച വേദ ഭാഗങ്ങളിൽ നിന്നും ഇതു മനസ്സിലാക്കാം: ക്രിസ്ത്യാനികൾ എല്ലാ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും കൂടി വന്നതുകൊണ്ട് (1 കൊരിന്ത്യർ 16:1, 2), അവർ കൂടി വന്നപ്പോൾ, ഒരുമിച്ചു *കൂടിയ ഉദ്ദേശം* അപ്പം നുറുക്കൽ ആയിരുന്നു (പ്രവൃത്തികൾ 20:7), അതിൽ നിന്നും അവർ എല്ലാ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും കർത്തൃമേശ പങ്കിട്ടിരുന്നു എന്നു മനസ്സിലാക്കാം. ആദിമ ക്രിസ്ത്യാനികളുടെ എഴുത്തുകൾ സാക്ഷീകരിക്കുന്നതും ഇതു വാസ്തവമെന്നു തെളിയുന്നു. രണ്ടാം നൂറ്റാണ്ടിന്റെ, ആദ്യകാലത്താണ് ഈ വാക്കുകൾ എഴുതപ്പെട്ടത്: "എന്നാൽ ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും നിങ്ങൾ ഒരുമിച്ചു കൂടിവരികയും, അപ്പം നുറുക്കുകയും, നന്ദിപറയുകയും ചെയ്‌വിൻ."[19] വീണ്ടും, നമുക്ക് ജസ്റ്റിൻ മാർട്ടിറിന്റെ വാക്കുകൾ, ഏ.ഡി. 150-ൽ എഴുതപ്പെട്ടതുണ്ട്:

> പട്ടണത്തിലായാലും, ഗ്രാമത്തിലായാലും കർത്തൃദിവസം എല്ലാ ക്രിസ്ത്യാനികളും, കൂടി വന്നതിന്റെ കാരണം, ഈ ദിവസമാണ് കർത്താവ് ഉയിർത്തെഴുന്നേല്ക്കുന്നത് ... നമ്മുടെ പ്രാർത്ഥന അവസാനിക്കുമ്പോൾ, അപ്പവും, വീഞ്ഞും, വെള്ളവും കൊണ്ടുവന്ന് അവ്വണ്ണം പ്രാർത്ഥിക്കുകയും, സ്തുതിക്കയും, പ്രാപ്തിപോലെ നല്കുകയും, ആളുകൾ ഒരുമിച്ച് ആമേൻ എന്നു പറയുകയും ചെയ്തശേഷം; ഓരോരുത്തർക്കും ആവശ്യംപോലെ, പങ്കിടുകയും ചെയ്തു ഇതിലെല്ലാം അവർ സ്തോത്രത്തോടെ പങ്കിട്ടിരുന്നു.[20]

ജെ.ഡബ്ലിയു. മെക്ഗാർവെ പറഞ്ഞു"ശിഷ്യന്മാർ ഓരോ കർത്തൃദിവസവും കൂടിവന്നു, ആ ദിവസം അവർ അപ്പം നുറുക്കി എന്നു തീർച്ചയായിരുന്നു," എന്നു പറഞ്ഞശേഷം ഇതു കൂട്ടിചേർത്തു,

> [പ്രവൃത്തികൾ 20:7 ന്റെ തെളിവ്] രണ്ടാം നൂറ്റാണ്ടിലെ, സഭയുടെ സാർവ്വലൗകികമായ പരിശീലനം നടത്തിയിരുന്നു, ... എന്നാൽ വളരെക്കാലം കഴിഞ്ഞ് സാർവ്വലൗകികമായി ബൈബിൾ പണ്ഡിതൻമാർ സമ്മതിച്ചതാണ് ഇത് അപ്പൊസ്തലന്മാരുടെ ആചാരമായി.[21]

ഒരു ക്രിസ്ത്യാനി കർത്തൃദിവസം മനഃപ്പൂർവ്വമായി ആരാധനമുടക്കിയാൽ, ആ വ്യക്തി മനഃപ്പൂർവ്വമായി കർത്തൃമേശയും മുടക്കുന്നു. എബ്രായ ലേഖകൻ ഇങ്ങനെ മനഃപ്പൂർവ്വം ചെയ്താൽ സംഭവിക്കുന്നത്

എന്തെന്ന് പറയുന്നു "ദൈവപുത്രനെ, ചവുട്ടികളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്നു നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ, എത്ര കഠിനമേറിയ ശിക്ഷയ്ക്കു പാത്രമാകും എന്നു വിചാരിപ്പിൻ" (എബ്രായർ 10:29). സഭയുടെ ആരംഭ നാളുകളിൽ, ദൈവഭവനം സന്തോഷത്തോടെ കർത്തൃമേശയിൽ നിന്നു പങ്കിടുവാൻ കൂടി വന്നിരുന്നു.

### കുടുംബം അവരുടെ പിതാവിന്റെ വചനം പഠിക്കുവാൻ ഉല്ലാസമുള്ളവരായിരുന്നു (20:7)

"അപ്പം നുറുക്കുവാൻ," സഭ കൂടി വന്നപ്പോൾ, ആരാധനയുടെ മറ്റൊരു പ്രധാന ഭാഗമായിരുന്നു ദൈവവചന പഠനം. ദൈവ വചനം വായിച്ചിരുന്നു (കൊലൊസ്യർ 4:16; 1 തിമൊഥെയൊസ് 4:13); പ്രബോധനത്തിന്ന് കഴിവുള്ള പുരുഷന്മാർ ഉണ്ടെങ്കിൽ, പ്രസംഗമുണ്ടായിരുന്നു (1 തിമൊഥെയൊസ് 4:13; 2 തിമൊഥെയൊസ് 4:1, 2) ലൂക്കൊസ് പറഞ്ഞു, ത്രോവാസിലെ സഭ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ, "പൗലൊസ് അവരോടു സംഭാഷിച്ചു" (പ്രവർത്തികൾ 20:7) "സംഭാഷിച്ചു" എന്നതിനു ഗ്രീക്കു തർജ്ജിമ ചെയ്ത വാക്കിൽ നിന്നാണ് നമുക്ക് "ഡയലോഗ്" എന്ന വാക്ക് കിട്ടിയത്. ഒരു തർജ്ജിമയിൽ പറയുന്നത് "പൗലൊസ് അവരോട് ചർച്ച ചെയ്തു" എന്നാണ്[22] അവന്റെ സന്ദേശത്തിന്റെ സാരാംശം പിന്നീട് എഫെസ്യമൂപ്പന്മാർക്കു കൊടുക്കുന്ന നിർദ്ദേശങ്ങൾ തന്നെയാകാം (വാക്യങ്ങൾ 17-35).

പൗലൊസ് "പാതിരവരെയും സംഭാഷിച്ചു പ്രസംഗം നീട്ടി" എന്നതു ഉപദേഷ്ടാക്കന്മാർ ഇഷ്ടപ്പെടുന്നതാണ് (വാക്യം 7) ഈ ക്രിസ്ത്യാനികളോട് പങ്കിടുവാൻ പൗലൊസിന്റെ ഉള്ളിൽ ധാരാളം കാര്യങ്ങൾ ഉണ്ടായിരുന്നു, എന്നാൽ ഒരു പക്ഷേ പ്രസംഗിച്ചുകൊണ്ടിരിക്കാൻ അംഗങ്ങളും പ്രോത്സാഹിപ്പിച്ചുകാണും, "ഇതുമതി; യാത്രക്കുസമയം വൈകി നിങ്ങൾ എല്ലാവരും പ്രതീക്ഷിച്ചിരുന്നു എന്നെനിക്കറിയാം," എന്ന് പൗലൊസ് പറയുന്നതു എനിക്ക് ഊഹിക്കാം, "ഇല്ല! ഞങ്ങൾ ക്ഷീണിച്ചിട്ടില്ല, ഇനിയും പ്രസംഗിക്ക, സഹോദരാ!" എന്നവർ പറഞ്ഞുകാണും. ത്രോവാസിലെ സഹോദരങ്ങൾ വാച്ച് നോക്കുന്നതിനേക്കാൾ അവസരം നോക്കുന്നവരായിരുന്നു. ആരോ പറഞ്ഞു, "വരുന്നതിനല്ല അവർക്കു പ്രശ്നം, പക്ഷേ വേഗം പോകണം എന്നതാണ്!"

പാശ്ചാത്യർ പലരും ടെലിവിഷന്റെ സ്വാധീനത്തിലും നിയന്ത്രിത ആകർഷണത്തിലുമാണ്; ടി.വിയിലെ ഓരോ ഭാഗവും സെക്കന്റുകൾ മാത്രം നീണ്ടുനിൽക്കുന്നതാണ് എന്നാൽ ബൈബിൾ പഠിപ്പിക്കുമ്പോൾ നാം അച്ചടക്കത്തോടെ കേൾക്കുകയും പഠിക്കുകയും വേണം! ആരംഭ സഭ ദൈവവചനം പഠിക്കാൻ ഇഷ്ടപ്പെട്ടിരുന്നു.

### കുടുംബം എവിടെയെല്ലാം കൂടിവരാമായിരുന്നു അവിടെയെല്ലാം കൂടിവന്നു (20:8, 9)

വർഷങ്ങളായി, ഞാൻ ഭവനത്തിന്റെ പുന:സംഗമത്തിൽ വീടുകൾ ചേർന്നു, വാടകഹാളിലും, പാർക്കിലും ഒത്തുചേരാറുണ്ട്. ഒരു കുടുംബം

*എവിടെ*യെങ്കിലും ഒരുമിച്ച് കൂടുന്നതു അത്ര വലിയ കാര്യമല്ല. അതു പോലെ, ആദ്യ ക്രിസ്ത്യാനികൾ ഒരുമിച്ചു കൂടി വന്നപ്പോൾ, കൂടി വരുന്ന സ്ഥലം അവർക്കത്ര പ്രാധാന്യമുള്ളതായിരുന്നില്ല. ചിലപ്പോൾ അവർ വീടുകളിൽ കൂടിവന്നു (ഫിലേമോൻ 1, 2); ചിലപ്പോൾ അവർ പരസ്യ സ്ഥലങ്ങളിൽ കൂടിവന്നു (പ്രവൃത്തികൾ 2:46; 5:12). ത്രോവാസിൽ, അവർ മൂന്നാം – നിലയിൽ മാളികമുറിയിൽ കൂടിവന്നു (പ്രവൃത്തികൾ 20:8, 9). ചുരുക്കം ചില വീടുകൾക്കേ മൂന്നു നിലകൾ ഉണ്ടായിരുന്നുള്ളു എന്ന തിനേക്കാൾ, ആ മുറി ഒരു ഫ്ളാറ്റ് ആയിരിക്കാം, അതായിരുന്നു പൊതു വിൽ റോമിലും റോമിന്റെ കിടമത്സരത്തിലായിരുന്ന പട്ടണങ്ങളിലേയും Ø rXn[23]

എന്തുകൊണ്ടാണ് ഈ ക്രിസ്ത്യാനികൾ മൂന്നാം നിലയിൽ കൂടി വന്നത്? ഒരുപക്ഷേ വാടക കുറവായിരുന്നേക്കാം. ഒരു പക്ഷേ തെരു വിലെ തിരക്കിൽ നിന്നും ബഹളത്തിൽ നിന്നും മാറിനിൽക്കാനായിരി ക്കാം. അല്ലെങ്കിൽ ഈ ഒരു മുറിയേ അവർക്കു കിട്ടിക്കാണുകയുള്ളു. അതിന്റെ കാരണമോ കാരണങ്ങളോ എന്തായാലും, അതത്ര സൗകര്യ മായ സ്ഥലമായിരുന്നില്ല. ദിവസം മുഴുവൻ ജോലി ചെയ്ത ശേഷം, അംഗ ങ്ങൾ മൂന്നു നിലയുടെ കോണിയിൽ കൂടി കയറി ആരാധിക്കുന്നത് (അതും പ്രവൃത്തികൾ 20–ൽ സന്ദർഭം വിവരിച്ചതും, ഒന്നിലധികം പ്രാവശ്യം അവർ കയറി ഇറങ്ങേണ്ടതും ശ്രദ്ധിക്കുക). ഇതു അവരെ അലട്ടിയിരുന്നില്ല. കൂടി വരുന്ന ഉദ്ദേശമായിരുന്നു സ്ഥലത്തേക്കാൾ അവർക്കു പ്രധാനം.

ഒരു ഇടവകക്കു കൂടിവരുവാൻ സ്വന്തമായ സ്ഥലം ഉണ്ടെങ്കിൽ അതു ഗുണകരം തന്നെയാണ്: ആഴ്ചകൾ തോറും അംഗങ്ങൾ കൂടി വരേണ്ട സ്ഥാനം അവർക്കറിയാം; ഇടവകയുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ കെട്ടിടത്തെ ആ രീതിയിൽ മാറ്റി ഉപയോഗിക്കാം; അംഗങ്ങൾ – അല്ലാ ത്തവർക്കു, ഉറപ്പും സ്ഥിരതയും അതുമൂലം തോന്നാം. സ്വന്തമായി കെട്ടിടം ഉണ്ടാകുമ്പോൾ ചില ന്യൂനതകളുണ്ട്: അംഗങ്ങളുടെ ധർമ്മശേ ഖരത്തിലെ നല്ലൊരുഭാഗം ചെലവിനത്തിൽ പൊയ്പോകും, അതു മറ്റു ചില സൽപ്രവൃത്തികളിൽ നിന്നു പിന്തിരിയുവാൻ കാരണം ആയേക്കാം; ഇടവക – കെട്ടിട നിർമ്മാണത്തിലേർപ്പെടുമ്പോൾ നഷ്ടപ്പെട്ട ആത്മാ ക്കളെ "ആരാധനക്കു ക്ഷണിക്കുവാൻ നാം കാത്തിരിക്കും"; ഒരു കെട്ടിട ഇടവകയെ സ്വയ – കേന്ദ്രീകൃതവും പ്രാഥമികമായി സ്വന്തം ക്ഷേമത്തിൽ തന്നെ ഒതുങ്ങിനില്ക്കുകയും ചെയ്യും.

നിങ്ങൾ അംഗമായിരിക്കുന്ന ഇടവകയ്ക്കു കെട്ടിടം ഉണ്ടായാലും ഇല്ലെങ്കിലും,[24] അംഗങ്ങളെ തുടർച്ചയായി ഓർപ്പിക്കേണ്ടത് അവർ കൂടി വരുന്ന സ്ഥലം കൂടി വരുന്ന ഉദ്ദേശത്തേക്കാൾ വലുതല്ല. കൂടി വരു മ്പോൾ – അവർ എന്തു ചെയ്യുന്നു എന്നതാണ് പ്രധാനം – കൂടാതെ അവർ ഈ ഭൂമിയിൽ നിന്നു പോകുമ്പോൾ എങ്ങനെ ജീവിക്കുന്നു എന്നതും മുഖ്യമാണ്.

## കുടുംബാംഗങ്ങൾ അന്യോന്യം കരുതിയിരുന്നു (20:9-12)

ത്രോവാസിലെ ഒരു ബഹു - നില കെട്ടിടത്തിൽ, "പൗലൊസ് സംഭാഷിച്ചു കൊണ്ടിരുന്നപ്പോൾ," "യൂത്തിക്കൊസ് എന്നൊരു യൗവനക്കാരൻ ... ഗാഢനിദ്രയിലായി" ഒരു കിളിവാതിലിൽ നിന്നുവീണു, മൂന്നു നിലയുടെ താഴെയാണ് വീഥിയിലേക്കു വീണു (വാക്യം 9). അംഗങ്ങളെല്ലാം ഭയ വിഹ്വലരായി അംഗങ്ങൾ എല്ലാം എഴുന്നേറ്റ് കോണികൾ ഇറങ്ങാൻ ഭാവിച്ചതുകൊണ്ട് ആരാധനക്കു അല്പം തടസ്സം നേരിട്ടു. മകനോ മകളോ നഷ്ടപ്പെട്ടവർക്കു ഇതു തികച്ചും ബോധ്യമാവും അവർ കണ്ടതു ആ യൗവനക്കാരന്റെ നുറുങ്ങിയ ശരീരമായിരിക്കാം. നോക്കിയപ്പോൾ "അവർ ഭ്രമിച്ചു പോയി" എന്നാണ് രേഖപ്പെടുത്തിയത് (വാക്യം 10).

അവരുടെ ദു:ഖത്തോടു കൂട്ടിച്ചേർത്ത ദിശയിലാണ് വാക്യം 12 പറയുന്നത്. പിന്നീട്, അവരുടെ യോഗത്തിന് അല്പം വിള്ളൽ ഉണ്ടായപ്പോൾ, "അവർ ബാലനെ, ജീവനുള്ളവനായി കണ്ടു, അത്യന്തം സന്തോഷിച്ചു." അവർ സ്പഷ്ടമായും ബാലനോട് ഉത്തരവാദിത്വമുള്ളവരായിരുന്നു - അവനെ എടുക്കുന്നതു സുരക്ഷിതത്വവും എൻ.ഐ.വിയിൽ "ആളുകൾ ആ യുവാവിനെ ജീവനുള്ളവനായി *വീട്ടിലേക്കു* കൊണ്ടു ചെന്നു അത്യന്തം സന്തോഷിച്ചു" എന്നാണ്. (എംഫസിസ് മൈൻ.) ആ യൂവാവിന്റെ മാതാപിതാക്കൾ ക്രിസ്ത്യാനികളായി തീർന്നിട്ടില്ലായിരുന്നേക്കാം. അവനെ വിളിച്ചു കൊണ്ടുവന്നവർ സുരക്ഷിതമായി അവനെ വീട്ടിൽ എത്തിച്ചേക്കാം എന്നു വാഗ്ദാനവും ചെയ്തിരിക്കാം. ഒരു നിമിഷത്തേക്ക്, നിങ്ങളെ അവരുടെ സ്ഥാനത്ത് ഒന്നുകാണുക അവർ ആ തകർന്ന ബാലന്റെ ശരീരത്തിൽ നോക്കി, അവന്റെ മാതാപിതാക്കളോട് ഇനി എന്തു പറയും എന്നാലോചിച്ചു കാണും. പൗലൊസ് ആ ബാലന്റെ ജീവൻ തിരികെ കൊടുത്തപ്പോൾ അവർക്ക് എത്ര സന്തോഷം ഉണ്ടായി കാണും! "അത്യന്തം സന്തോഷിച്ചു" എന്നതു ന്യൂനോക്തിയായ ലൂക്കൊസിന്റെ പ്രസ്താവനയായിരുന്നു.

നമ്മുടെ അടുത്ത പാഠത്തിൽ, അത്ഭുതത്തെ കൂടുതൽ വിശദമായി പഠിക്കും. ഇപ്പോൾ, കുടുംബാംഗങ്ങൾ അന്യോന്യം കരുതലുള്ളവരായിരുന്നു എന്നു മാത്രമാണ് ശ്രദ്ധിക്കുന്നത്. അവർ വാസ്തവത്തിൽ "സന്തോഷിക്കുന്നവരോടു കൂടെ സന്തോഷിക്കയും കരയുന്നവരോടു കൂടെ കരയുകയും ചെയ്തിരുന്നു" (റോമർ 12:15). ക്രിസ്ത്യാനികളെ നിങ്ങളുടെ സഹോദരീ സഹോദരങ്ങളോടൊപ്പം നിങ്ങളുടെ ഹൃദയം മിടിക്കുന്നില്ലെങ്കിൽ, നിങ്ങളുടേതും അവരുടേതും ഒരേ അപ്പനാണോ എന്ന് പരിശോധിച്ചു ഉറപ്പുവരുത്തുക!

## കുടുംബാംഗങ്ങൾ പരസ്പരം സന്ദർശിക്കയും ഭക്ഷണം കഴിക്കയും ചെയ്തിരുന്നതു ആസ്വദിച്ചിരുന്നു (20:11)

യൂത്തിക്കൊസിനെ ജീവിപ്പിച്ച ശേഷം, പൗലൊസും മറ്റുള്ളവരും മൂന്നാം നിലയിലെ അവരുടെ മുറിയിലേക്കു പോയി. വാക്യം 11 പറ

യുന്നു, "പിന്നെ അവർ കയറിച്ചെന്നു, അപ്പം നുറുക്കുന്നതിനു, പുലരുവോളം സംഭാഷിച്ചു പുറപ്പെട്ടുപോയി, ..." വാക്യം 7-ൽ പറഞ്ഞിരിക്കുന്ന അപ്പം നുറുക്കൽ തന്നെ ഇവിടെയും പറഞ്ഞിരിക്കുന്നതാകാനാണ് സാധ്യത, എന്നാൽ അതു അസാദ്ധ്യമാണ്. കാരണം ത്രോവാസിലെ ക്രിസ്ത്യാനികൾ "അപ്പം നുറുക്കുവാനാണ്" കൂടിവന്നത്. "പൗലൊസ് സംഭാഷിച്ചു" തീരുന്നതു വരെ അവർ പുളിപ്പില്ലാത്ത അപ്പത്തിൽ നിന്നു ഭക്ഷിക്കുവാനും മുന്തിരിവള്ളിയുടെ അനുഭവത്തിൽ നിന്നു കുടിക്കുവാനും കാത്തിരുന്നു എന്നതു അസംഭവ്യമാണ്. തീർച്ചയായും അവർകൂടി വന്നതിൽ പ്രഥമോദ്ദേശം ക്രിസ്തുവിന്റെ യാഗത്തെ അനുസ്മരിക്കുക എന്നതാണ്. അതിനു ശേഷമായിരിക്കും, അവർ പൗലൊസിൽ നിന്നു കേട്ടത്. വാക്യം 11 ലെ അപ്പം നുറുക്കൽ, മണിക്കൂറുകൾക്കു ശേഷമാണ്, അത് ഒരു പക്ഷേ കൂട്ടായ്മ ഭക്ഷണമാകാം വേദഭാഗം ഇവിടെ പ്രവൃത്തികൾ 2 ലേതു പോലെയാണ്, വാക്യം 42-ൽ പറയുന്ന കർത്തൃമേശ, എന്നാൽ കുറെ വാക്യങ്ങൾക്കു ശേഷം, അതേ അപ്പംനുറുക്കൽ (വാക്യം 46) എന്നു പറയുന്നത് കൂട്ടായ്മഭക്ഷണമാണ്.[25]

പ്രവൃത്തികളുടെ പുസ്തക പഠനത്തിൽ നാം കണ്ടതുപോലെ, ആദ്യ ക്രിസ്ത്യാനികളുടെ ജീവിതത്തിലെ ഒരു മുഖ്യകാര്യമായിരുന്നു കൂട്ടായ്മ ഭക്ഷണം. പൗലൊസും മാളികമുറിയിൽ മടങ്ങി വന്നപ്പോൾ, അവരുടെ ആഹ്ലാദം എനിക്ക് ഊഹിക്കാം. അവരുടെ ശബ്ദത്തിലെ ആ ദു:ഖ സംഭവത്തെ ഉണർത്തുന്ന ആശ്വാസം എനിക്കു കേൾക്കാം. യൂത്തിക്കൊസിനെ ആരെങ്കിലും അവൻ വീണ വീഴ്ച്ച സൂചിപ്പിച്ച് കളിയാക്കിയില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളു. അതായിരുന്നു അവർ കൊണ്ടുവന്ന ഭക്ഷണപൊതികൾ അഴിച്ച് നിരത്തിയപ്പോഴത്തെ അന്തരീക്ഷം. അവർ ഭക്ഷണത്തിനും പൗലൊസിന്റെ സന്ദർശനത്തിനും യൂത്തിക്കൊസിനു ലഭിച്ച സുരക്ഷക്കും അവർ ഒരുമിച്ചിരുന്നു സ്തോത്രം ചൊല്ലി യെഹൂദന്മാരും, ജാതികളും യജമാനന്മാരും ദാസന്മാരും, പുരുഷന്മാരും സ്ത്രീകളും ഒരുമിച്ചിരുന്നു ഭക്ഷിക്കുന്ന കാഴ്ച്ച ലോകത്തിനു അതിശയിക്കത്തക്കതായിരുന്നു - കാരണം "ക്രിസ്തു യേശുവിൽ അവർ ഒന്നായിരുന്നു" (ഗലാത്യർ 3:28).

അവർ ഒരുമിച്ച് ആയിരുന്നപ്പോൾ, പൗലൊസ് "ദീർഘ നേരം സംഭാഷിച്ചു" (വാക്യം 11). 7-ാം വാക്യത്തിലെ "സംഭാഷിച്ചു" എന്നതിൽ നിന്നു വ്യത്യസ്തമായ വാക്കാണ് 11-ാം വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്ന "സംഭാഷിച്ചു" എന്നത്. ആശ്വസിപ്പിക്കുന്ന സംഭാഷണത്തിനാണ് ആ വാക്ക് ഉപയോഗിച്ചത്. 11-ാം വാക്യത്തിന്റെ അവസാനഭാഗം എഫ്. എഫ്. ബ്രൂസ് തർജ്ജിമ ചെയ്തു, "പാതിരവരെ കൂടുതൽ സംഭാഷണത്തിൽ മുഴുകി എന്നാണ്"[26] ഞങ്ങളുടെ ഭാഗത്ത്, ഞങ്ങൾ പറയും, "പൗലൊസ് വിട്ടുപോകുന്നതിന് മുൻപ് നല്ല ഒരു സന്ദർശനം ആസ്വദിച്ചിരുന്നു എന്ന്."[27]

ത്രോവാസിലെ ദിവസാവസാന സംഭവം ഞാൻ സംബന്ധിച്ച അനേകം ആരാധനക്കു ശേഷം അനുഭവിച്ച കൂട്ടായ്മ ഭക്ഷണം എനിക്ക് ഓർമ്മ വരുന്നു. പുതിയ നിയമത്തിൽ അതിനെ "സ്നേഹവിരുന്ന്" എന്നു വിളിച്ചിരിക്കുന്നു (യൂദ 12).[28] നാം അതിനെ കൂടുതൽ ഭവനാന്തരീക്ഷമാക്കി പറയു: "മൊത്തത്തിലുള്ള - സഭയുടെ ഒരു കൂട്ടായ്മ," "എ

പോട്ട്ലക്ക് മീൽ," അല്ലെങ്കിൽ "ഡിന്നർ ഓൺ ദ ഗ്രൗണ്ട്സ്" എന്നു പറയും. (എന്റെ ഒരു സ്നേഹിതൻ അതിനെ വിളിക്കുന്നതു "ആൻ Cuän³ ' aöän³ '" F ¶ mWy) A Xns\ F ´ ph nf n ne pw, \ mw ] c-k ]y cwa\ Ê ne m p¶ Hcp{] tXyI k ab amW Xy A t\ ym\ yapÅ _ Ô § Ä i à ns¸ Spw.

I pSpw_ § Ä k n[ ncW Hcpan¨ p I qSph m³ Cj vSs¸ Sp¶ -h cmWy Hcpan¨ ncp¶ p`£ Ww I gn ph m\ pw k wk nc ph m\ pw Cj vSs¸ Spw. A Xp] nse, B Zy k `mwK§ Ä A t\ ym\ yw`£ Ww I gn ph m\ pw Hcpan¨ ncp¶ p k wk nc ph m\ pw Cj vSs¸ «ncp¶ p. A Xp] nse B b nc Wwk naypw.

**ഉപസംഹാരം**

നാം നമ്മുടെ പാഠം അവസാനിപ്പിക്കുന്നതുകൊണ്ട്, ഒരു നിമിഷം നിന്നു ആദിമ സഭയുടെ കുടുംബാന്തരീക്ഷം നമുക്ക് ആസ്വദിക്കാം. പുതിയ നിയമസഭയുടെ അടിസ്ഥാനഘടകങ്ങൾ നാം പുനരേകീകരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു: അതിന്റെ സംഘടന, അതിന്റെ ആരാധനാ പ്രകടനങ്ങൾ, അതിന്റെ പദവികൾ, മുതലായവ എങ്ങനെയായാലും, ഞാൻ ചിലപ്പോൾ, ആദ്യ സഭയുടെ അടിസ്ഥാന *മനോഭാവങ്ങൾ* നാം മതിയായത്ര പുനരേകീകരിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കാറുണ്ട്. സഭ ദൈവത്തിന്റെ *ഭവനമായി* പൗലൊസ് ഊന്നി പറഞ്ഞിട്ടുണ്ട് (1 തിമൊഥെയൊസ് 3:15). അതുപോലെ പ്രവർത്തിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ!

---

**പ്രസംഗ ക്കുറിപ്പുകൾ**

---

*ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി*, വാല്യം 1, വാരെൻ. ഡബ്ല്യു. വിയേഴ്സബേ ടൈറ്റിൽഡ് പ്രവർത്തികൾ 20:6–12 "എ ഫെയർവെൽ സർവ്വീസ്," അതിനെ ഈ സൂചകങ്ങളായി വിഭജിച്ചിരിക്കുന്നു: (1) കർത്തൃ ദിവസം, (2) കർത്താവിന്റെ ജനങ്ങൾ, (3) കർത്തൃ മേശ, (4)കർത്താവിന്റെ സന്ദേശം, (5) കർത്താവിന്റെ ശക്തി.

---

കുറിപ്പുകൾ

[1]"സഭ" എന്ന വാക്ക് ഈ പാഠത്തിൽ ഇവിടെയും മറ്റു സ്ഥലങ്ങളിലും അടുത്തതിനും അർത്ഥമാക്കുന്നത് "ആരാധിക്കുവാൻ കൂടിവരുന്നു" എന്നതാണ്. *പ്രവൃത്തികൾ, 1–ാം* ലക്കത്തിലെ ശബ്ദ സംഗ്രഹത്തിലെ "സഭ" എന്നതു നോക്കുക. [2]ഈ പാഠത്തിലും അടുത്തതിലും എന്റെ സമീപനം *ക്രിസ്ത്യൻ ബൈബിൾ ടീച്ചറായ* ജോൺ വാഡിയുടെ ലേഖനം ആയ "യൂത്തിക്കൊസ് എന്ന, ഉറങ്ങിയ ശിഷ്യൻ" (1982 സെപ്റ്റംബർ) എന്ന ലേഖനത്തെയും റിക് ആച്‌ലേയുടെ "അപ്പം നുറുക്കലും മരിച്ചവനെ ഉയിർപ്പിക്കലും" എന്ന ലേഖനത്തെയും അടിസ്ഥാനപ്പെടുത്തിയത്, ഈ പ്രസംഗം 1986 ഡിസംബർ 14ന്

ടെക്സാസിലെ, അബിലീനിൽ, സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ, പ്രസംഗിച്ചതാണ്. ചില പദപ്രയോഗങ്ങളും പല ചിത്രീകരണങ്ങളും ആ രണ്ടു പാഠങ്ങളിൽ നിന്നാണ്. [3]ലൂയിസ് ഫോസ്റ്റർ, നോട്ട്സ് ഓൺ ആക്ട്സ്, *ദ എൻ ഐവി സ്റ്റഡി ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1985), 1685. തന്റെ സഹോദരന്മാരോടൊപ്പം ആയിരിപ്പാനാണ് പൗലൊസ് ഏഴ് ദിവസം ഓരോ പട്ടണത്തിലും താമസിച്ചത് (21:4; 28:14). [4]ഈ പാഠത്തിലെ “ദരിദ്രരെ ഓർക്കുക” എന്നതിന്റെ വാക്യം 6ലെ നോട്ടുകൾ നോക്കുക. [5]പൗലൊസും, ലൂക്കൊസും, അവരോടുകൂടെ ആരെല്ലാം ഉണ്ടായാലും അവർ ഒരു പക്ഷേ കപ്പലിൽ ആണെങ്കിലും ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അവർ ആരാധിക്കാൻ കൂടി വന്നിരുന്നു. [6]ഒരു ദിവസത്തിന്റെ ഒരു ഭാഗം ദിവസം ആയി കണക്കാക്കും എന്നോർമ്മിക്കുക. [7]പൗലൊസും മറ്റുള്ളവരും കാത്തിരുന്നപ്പോൾ, വെറുതെ ചുറ്റും ഇരുന്നു എന്നു ഊഹിക്കാൻ തീർച്ചയായും, പ്രയാസമാണ്. അവരുടെ സംഘത്തിൽ ചുരുങ്ങിയത് ഒമ്പതു പേർകാണും, മിക്കവരും (എല്ലാവരും അല്ലെങ്കിൽ) പ്രസംഗിക്കാൻ കഴിവുള്ളവരാണ്. ഒരാഴ്ച്ചത്തെ സുവിശേഷഘോഷണ യോഗങ്ങളിൽ നിന്നു ഒൻപതിൽ അധികം പേരുടെ സാന്നിധ്യത്തിൽ നല്ല ഫലം ഉണ്ടാകും. [8]സഭ സ്ഥാപിക്കപ്പെട്ടതും ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ ആണ് (ലേവ്യാപുസ്തകം 23:16; പ്രവൃത്തികൾ 2:1). [9]ഫസ്റ്റ് അപ്പൊളജി 67:7, ഉദ്ധരിച്ചത് ജിമ്മി അലെൻ *സർവേ ഓഫ് ഫസ്റ്റ് കൊരിന്ത്യൻസിൽ നിന്നു* (സിയേഴ്സി, ആർക്.: ബൈദി ആദർ, 1989), 141. ജസ്റ്റിൻ മാർട്ടിൻ, ഏതാണ്ട് എ.ഡി. 100–ൽ ജനിക്കുകയും, ആദിമ ക്രിസ്തീയ എഴുത്തുകാരിൽ പ്രമുഖനായി അംഗീകരിക്കപ്പെടുകയും ചെയ്തു. അദ്ദേഹം അപ്പൊസ്തലനായിരുന്ന യോഹന്നാന്റെ ശിഷ്യനായിരുന്ന പോളിക്കാർപ്പിന്റെ ശിഷ്യൻ ആയിരുന്നു, അദ്ദേഹം എഴുതിയ പ്രസ്താവനകളിൽ മറ്റു പുരാതന എഴുത്തു രേഖകളും അടങ്ങുന്നു, ഉദാഹരണമായി ബർന്നബാസ് 15:9. ഇഗ്നേഷ്യസ് പുതിയ പ്രത്യാശയിലേക്കു പറന്നവർ, ശബ്ബത്തു ആചരിക്കാതെ, കർത്തൃ ദിവസത്തിനായി ജീവിച്ചു എന്നു പറയുന്നു (ലെറ്റർ ടു ദ മഗ്നേഷ്യൻസ് 9:1–3). ഇതു റൊബെർട്ട്. കെ. ഒഗ്ളെബിയുടെ ഉദ്ധരണിയായ “ദ കോൺസ്റ്റിറ്റ്യൂഷൻ ഓഫ് ദ ഹോളി അപ്പൊസ്തൽസിൽ” നിന്നുമാണ്, *ഏ ഗ്രൂപ്പ് ഡിസ്ക്കഷൻ സ്റ്റഡി ഓഫ് ആക്സ്* (റിച്ചാർഡ്സൺ, ടെക്സ്.: ആർ.കെ. ഓ. പബ്ലിക്കേഷൻസ്, 1971), 93. [10]ഏഴാം ദിവസം (“ശബ്ബത്ത്”) ആചരിക്കുവാൻ ഒരിക്കലും *ക്രിസ്ത്യാനികളോട്* കല്പിച്ചിട്ടില്ല (കൊലൊസ്യർ 2:14, 16).

[11]പൗലൊസ് “പാതിരവരെ” പ്രസംഗിച്ചു എന്ന വസ്തുത (വാക്യം 7) അവർ കൂടി വന്നതു രാത്രിയാണെന്ന് സൂചിപ്പിക്കുന്നു. [12]ചിലർ അടിമകൾ ആയിരുന്നു (1 കൊരിന്ത്യർ 12:13; എഫെസ്യർ 6:5; കൊലൊസ്യർ 3:22; 1 തിമൊഥെയൊസ് 6:1). [13]NEB തർജ്ജിമക്കാർ സ്പഷ്ടമായി ഇങ്ങനെ ചിന്തിച്ചു, അവർ ഉപയോഗിച്ച പദപ്രയോഗം “ശനിയാഴ്ച്ച രാത്രി” പ്രവൃത്തികൾ 20:7. മറ്റെല്ലാ വേദഭാഗത്തിലും അതേ ഗ്രീക്കു വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് (മത്തായി 28:1; മർക്കൊസ് 16:2, 9; ലൂക്കൊസ് 24:1; യോഹന്നാൻ 20:1, 19; 1 കൊരിന്ത്യർ 16:2), NEB തർജ്ജിമ അതു “ഞായറാഴ്ച്ച” എന്നു തർജ്ജിമ ചെയ്തു. [14]ഫോസ്റ്റർ, 1685. [15]“ശബ്ബത്തുകാരുടെ പരിശീലനത്തെ വേദഭാഗം പിന്താങ്ങുന്നില്ല. കാരണം അവർ ശബ്ബത്തുനാൾ കണക്കാക്കുന്നത് വെള്ളിയാഴ്ച്ച സൂര്യാസ്തമയം മുതൽ ശനിയാഴ്ച്ച സൂര്യാസ്തമയം വരെയാണ്. അതുകൊണ്ട് അതിനുശേഷമുള്ളതു ശരിക്കും ക്രിസ്തീയാരാധനയാണ്; യോഗം ശനിയാഴ്ച്ച രാത്രിയാണെങ്കിൽ പോലും, അതു യെഹൂദന്മാരായ ശബ്ബത്ത് ആചരിക്കൽ ആയിരുന്നില്ല” (ക. ഹോവാർഡ് മാർഷാൽ, *ദ ആക്സ് ഓഫ് ദി അപ്പൊസ്തൽസ്*, ദ ടിൻഡെലിക് ന്യൂ ടെസ്റ്റാമെന്റ് കമെന്ററീസ്, ജെൻ. ഇഡി. ആർവിജി ടാസ്ക്കർ [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം.ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1980], 326). [16]അവർ അപ്പം നുറുക്കുവാൻ കൂടി വന്നു എന്നു ശ്രദ്ധിക്കുക, പൗലൊസിന്റെ പ്രസംഗം കേൾക്കുവാനായിരുന്നില്ല. “അറിയപ്പെട്ട അപ്പൊസ്തലനായിരുന്നു പൗലൊസ് എങ്കിലും ആ അവസരത്തിൽ രണ്ടാമത്തെ അവസരമായിരുന്നു അവനുണ്ടായിരുന്നത്” (ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമെന്ററി ഓൺ ആക്സ്*

[ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1976], 386). [17]ഫോസ്റ്റർ, 1685. പ്രവർത്തികൾ 20:7 ലെ "അപ്പം നുറുക്കൽ" എന്ന പ്രയോഗം കർത്തൃമേശയോടൊപ്പം *അഗാപ്പെയും* ("സ്നേഹവിരുന്ന്," യൂദ 12; അതായതു, കൂട്ടായ്മയുടെ പ്രകടനമായ പൊതുഭക്ഷണം) - അതുപോലെ തന്നെയാണ് കൊരിന്തിലും സമ്പത്തെന്നു ചിലർ വിശ്വസിക്കുന്നു (1 കൊരിന്ത്യർ 11:17-22, 33, 34). വേറൊരു വിധത്തിൽ, പ്രവൃത്തികൾ 20:7-ൽ "അപ്പം നുറുക്കുവാൻ" എന്നതിൽ ചുരുങ്ങിയത് കർത്തൃമേശ *ഉൾപ്പെടുന്നു*. എങ്ങനെയായാലും, ശ്രദ്ധിക്കേണ്ടത്, ത്രോവാസിലെ സഭ രണ്ടു "ഭക്ഷണവും" ചേർത്തു കഴിച്ചു എന്നതിനു സൂചന ഒന്നുമില്ല. അങ്ങനെ ചെയ്തിരുന്നെങ്കിൽ, കൊരിന്തിൽ പൗലൊസ് ശാസിച്ചതുപോലെ, ഇവിടെയും ചെയ്യുമായിരുന്നു (1 കൊരിന്ത്യർ 11:17-22, 33, 34). [18]ആദ്യ ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാംനാളിൽ അല്ലാതെ, മറ്റൊരു ദിവസവും കർത്തൃമേശ എടുത്തിരുന്നില്ല. [19]ഡിവാച്ചെ 14:1, ഉദ്ധരിച്ചത് അല്ലെൻ, 140. [20]*അപ്പോളജി* I, 67:7 ഉദ്ധരിച്ചത് അല്ലെൻ, 141.

[21]ജെ. ഡബ്ലിയു മെക് ഗാർവേ, *ന്യൂകമെന്ററി ഓൺ ആക്സ്ഓഫ് അപ്പൊസ്തൽസ്,* വാല്യം 2 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., എൻ.ഡി.), 179. [22]മെക്കോർഡിന്റെ ന്യൂടെസ്റ്റമെന്റ് ടാൻസിലേഷൻ ഓഫ് ദ എവർലാസ്റ്റിങ്ങ് ഗോസ്പെൽ. പ്രസംഗത്തിൽ ഉപദേശം മാത്രമല്ല വചന പ്രകാരമുള്ള രീതി. [23]ത്രോവാസ് ഒരു റോമൻ കോളനി ആയിരുന്നു. [24]രണ്ടും മൂന്നും നൂറ്റാണ്ടുകളോളം "സഭാ കെട്ടിടങ്ങൾ" തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ, അതുണ്ടാക്കുക എന്നതു തിരുവചന വിരുദ്ധമാണെന്ന് ചിലർ പറഞ്ഞേക്കാം. പലപ്പോഴും ഇവർ പറയുന്നതു വീട്ടിലെ കൂടി വരാവു എന്നാണ്. അങ്ങനെ വീടുകളിൽ "മാത്രം കൂടുന്ന മാതൃക" ബൈബിളിൽ ഇല്ല. കൂടി വരുവാൻ കല്പിക്കുന്നത് (ഉദാഹരണമായി, എബ്രായർ 10:25) ഒരു *സ്ഥലത്തു* കൂടി വരണമെന്നല്ലാതെ, പ്രത്യേക സ്ഥലം പറയുന്നില്ല. സ്ഥലം വീട്ടിൽ ആകാം, വാടക ഹാളിലാകാം, വൃക്ഷച്ചുവട്ടിൽ ആകാം, അല്ലെങ്കിൽ ഇടവക ചേർന്നു പണിതതോ, വിലക്കു വാങ്ങിയതോ ആയ കെട്ടിടത്തിലുമാകാം. ഓരോ ഇടവകയും കൂടിവരാൻ സൗകര്യമായ സ്ഥലത്തെ സംബന്ധിച്ച് കൂടിയാലോചന നടത്തി ദൈവം തന്ന വെല്ലുവിളി നേരിടണം. [25]പ്രവൃത്തികൾ, 1-ാം ലക്കത്തിലെ പ്രവൃത്തികൾ 2:42, 46 ലെ നോട്ടുകൾ നോക്കുക. [26]എഫ്. എഫ്. ബ്രൂസ്, *ദ ബുക്ക് ഓഫ് ആക്സ്*, റെവ. ഈഡി. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1988), 384. [27]"ഫ്രന്റ്ലി ടാക്കിങ്ങ്" എന്നതിനു പ്രാദേശികമായി പറയുന്ന പദപ്രയോഗം ഉപയോഗിക്കാം. [28]കൊരിന്ത്യർ സഭ കർത്തൃമേശയും സ്നേഹവിരുന്നും യോജിപ്പിച്ച് എടുത്ത് ചിലർ ലഹരിപിടിച്ചവരായി (1 കൊരിന്ത്യർ 11). അവരുടെ കൂടിവരവ് ശിക്ഷാവിധിക്കായി തിരുമെന്ന് പൗലൊസ് അവരെ താക്കീതു ചെയ്യുന്നുണ്ട്.